തുഞ്ചത്ത് എഴുത്തച്ഛൻ
**മലയാളസർവ്വകലാശാല**
വാക്കാട്, മലപ്പുറം - 676 502
ഫോൺ : 0494 2631230

**സംഗ്രഹം**

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവ്വകലാശാല - ഭരണവിഭാഗം - ബഹു: മുഖ്യമന്ത്രിയുടെ പൊതുജന പരാതിപരിഹാര സംവിധാനം വഴി കൈമാറുന്ന പരാതികളുടെ തീർപ്പാക്കൽ- തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവ്വകലാശാലയിൽ സി. എം. ഒ. പോർട്ടൽ ചാർജ് ഓഫീസറായി സർവകലാശാലാ രജിസ്ട്രാർ ഇൻ - ചാർജ് ഡോ. ഭരതൻ കെ. എം. നെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഭരണവിഭാഗം**

**നമ്പർ: 1118/എ1/2020/അഡ്മിൻ.** **തീയതി: തിരൂർ, 12.04.2024**

പരാമർശം:- 1) 28.03.2022 ലെ സ.ഉ.(സാധാ) നം.111/2022/ഉഭപവ നമ്പർ സർക്കാർ ഉത്തരവ്.
2) 31.03.2022 ലെ സി. എം, സി. സി. -4/10/2022-സി. എം. സി. സി നമ്പർ പരിപത്രം.
3) 07.08.2023 ലെ 1118/എം/2020/അഡ്മിൻ നമ്പർ ഉത്തരവ്
4) വൈസ് ചാൻസലറുടെ 24.07.2023 ലെ ഉത്തരവ്.

**ഉത്തരവ്**

പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പ്രകാരം ബഹു: മുഖ്യമന്ത്രിയുടെ പൊതുജന പരാതിപരിഹാര സംവിധാനത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് സി. എം. ഒ. പോർട്ടൽ ചാർജ്ജ് ഓഫീസറെ നിയമിക്കുന്നതിനും ചാർജ് ഓഫീസറുടെ മാനദണ്ഡങ്ങളും ചുമതലകളും നിശ്ചയിച്ചും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2) മേൽ ഉത്തരവിൽ എല്ലാ ഓഫീസുകളിലും സി. എം. ഒ. പോർട്ടൽ ചാർജ് ഓഫീസറെ നിയമിച്ച് പേരു വിവരം അതതു ഓഫീസുകളിലും ഔദ്യോഗിക വെബ്സൈറ്റുകളിലും പ്രാധാന്യത്തോടെ പ്രസിദ്ധപ്പെടുത്താനും ചാർജ് ഓഫീസറുടെ പേരു വിവരം സി. എം. ഒ. പോർട്ടലിൽ സമയക്രമം പാലിച്ച് ഉൾപ്പെടുത്താനും ഓഫീസർ മാറുന്നതനുസരിച്ച് പോർട്ടലിലും വെബ്സൈറ്റിലും, ബോർഡിലും മാറ്റങ്ങൾ വരുത്താനും സർക്കാർ നിർദ്ദേശമുണ്ട്.

3) പൊതുജന പരാതിപരിഹാര സംവിധാനം വഴി കൈമാറുന്ന പരാതികളുടെ തീർപ്പാക്കൽ പുരോഗതി അവലോകനവും ചാർജ് ഓഫീസറുടെ പേരുവിവരങ്ങൾ സി. എം. ഒ. പോർട്ടലിൽ ഉൾപ്പെടുത്തുന്നതും സംബന്ധിച്ചുള്ള വിശദവിവരങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പരാമർശം (2) പരിപത്രം വഴി സർക്കാർ വിശദീകരിച്ചിട്ടുണ്ട്.

4) തുഞ്ചത്തെഴുച്ഛൻ മലയാള സർവകലാശാലയിലെ സി. എം. ഒ. പോർട്ടൽ ചാർജ് ഓഫീസറായി സർവകലാശാലാ രജിസ്ട്രാർ ഡോ. പ്രജിത്ത് ചന്ദ്രനെ പരാമർശം (3) പ്രകാരം ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ഡോ. പ്രജിത്ത് ചന്ദ്രൻ മലയാള സർവകലാശാലയിൽ നിന്ന് വിടുതൽ വാങ്ങിയ സാഹചര്യത്തിൽ മലയാള സർവകലാശാലാ രജിസ്ട്രാർ ഇൻ- ചാർജായ ഡോ. ഭരതൻ കെ. എം. നെ സി. എം. ഒ. പോർട്ടൽ ചാർജ്ജ് ഓഫീസറായി നിയമിച്ച് പരാമർശം (4) പ്രകാരം വൈസ് ചാൻസലർ ഉത്തരവായിട്ടുണ്ട്.

5) ആയതിനാൽ തുഞ്ചത്തെഴുച്ഛൻ മലയാള സർവകലാശാല രജിസ്ട്രാർ ഇൻ-ചാർജ് ഡോ. ഭരതൻ കെ. എം. നെ സി. എം. ഒ. പോർട്ടൽ ചാർജ് ഓഫീസറായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

6) സി. എം. ഒ. പോർട്ടൽ ചാർജ് ഓഫീസർ പരാമർശം (2) ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള ചുമതലകൾ വഹിക്കേണ്ടതാണ്.

7) ചാർജ് ഓഫീസറുടെ പേരുവിവരങ്ങൾ സി. എം.ഒ. പോർട്ടലിൽ ഉൾപ്പെടുത്തേണ്ടതും സർവകലാശാലാ വെബ്സൈറ്റിൽ പ്രാധാന്യത്തോടെ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

രജിസ്ട്രാർ ഇൻ-ചാർജ്

ഡോ. ഭരതൻ കെ. എം., രജിസ്ട്രാർ, മലയാളസർവകലാശാല

പകർപ്പ്:

ശ്രീമതി ജസീല സി. സി.എം.ഒ പോർട്ടൽ നോഡൽ ഓഫീസർ/

വി.സി. കാര്യാലയം/ഫിനാൻസ് വിഭാഗം/ഐ.ക്യു.എ.സി./പരീക്ഷാവിഭാഗം/

BKP/Admn.